Draft #1 of File 3498/AD A4/4/2019/AD A 4 (PART-I) Approved by ASSISTANT REGISTRAR I (ADMIN) on 31-Jan-2025 04:35 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY, KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - ഫെയർ കോപ്പി വിഭാഗം - ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിലുള്ള ജീവനക്കാരിയുടെ വിരമിക്കലിനെത്തുടർന്നുള്ള സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, സെക്ഷൻ നിർത്തലാക്കൽ തുടങ്ങിയ ക്രമീകരണങ്ങൾ - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 4 സെക്ഷൻ**

നമ്പർ. 1111/AD A 4/2025/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 31.01.2025

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നം. 203/എ4/4/2021/ഭരണ വിഭാഗം, തീയതി 30.01.2021.
2. പരീക്ഷാ കൺട്രോളറുടെ 29.01.2025 തീയതിയിലെ സി.ഇ.501/29/2025 നമ്പർ കുറിപ്പിന്മേലുള്ള വൈസ് ചാൻസലറുടെ ഉത്തരവ്.
3. സർവ്വകലാശാല ഉത്തരവ് നം. 265/AD A 4/2025/എം.ജി.യു., തീയതി 10.01.2025
4. സർവ്വകലാശാല ഉത്തരവ് നം. 399/AD A 4/2025/എം.ജി.യു., തീയതി 16.01.2025
5. സർക്കുലർ നമ്പർ AD A1-3-246/2016, തീയതി: 31.05.2016.
6. ജി.ഒ (പി) നം.42/2010/പി & എആർഡി, തീയതി 20.12.2010.

**ഉത്തരവ്**

ഡി ഡി എഫ് എസ് ഫയൽ സംവിധാനം വന്നതോട് കൂടി പരീക്ഷാവിഭാഗത്തിലെ ഫെയർകോപ്പി സെക്ഷനുകളുടെ ജോലികൾ കുറഞ്ഞിരിക്കുന്നതിനാലും, കൂടാതെ മാർക്ക് എൻട്രിയ്ക്കായി കൂടുതൽ കമ്പ്യൂട്ടർ അസ്സിസ്റ്റന്റുമാരെ നിയോഗിക്കേണ്ടതിനാലും ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി പരീക്ഷാ കൺട്രോളർ പരാമർശം (2) പ്രകാരം കുറിപ്പ് നൽകിയിരുന്നു. ആയതും, FC 2 സെക്ഷനിലെ ഓഫീസ് സൂപ്രണ്ട് ആയ ശ്രീമതി മിനി ഡി. വിരമിക്കുന്ന സാഹചര്യവും പരിഗണിച്ച്, താഴെപ്പറയുന്ന പ്രകാരമുള്ള സ്ഥലംമാറ്റം, സെക്ഷൻ നിർത്തലാക്കൽ തുടങ്ങിയ ക്രമീകരണങ്ങൾ സർവ്വകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

- FC 2 സെക്ഷൻ നിർത്തലാക്കുന്നു.
- FC 2 സെക്ഷന്റെ ജോലികൾ കൂടി FC 4 സെക്ഷന് നൽകുന്നു.
- ഷീബ സാം എൻ. എൻ., ഓഫീസ് സൂപ്രണ്ട്, FC 2 സെക്ഷൻ -നെ FC 4 സെക്ഷനിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുന്നു.
- FC 4 സെക്ഷന്റെ മേൽനോട്ട ചുമതല ടി സെക്ഷനിലെ നിലവിലെ ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്) ആയ മനുമോൾ എസ്. ന് നൽകുന്നു.
- പരാമർശം (3) പ്രകാരം EN 18 സെക്ഷനിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരുന്ന ദിവ്യ ആർ. നായർ (കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II, FC 2 സെക്ഷൻ), സുലൈഖ കെ. (കമ്പ്യൂട്ടർ അസിസ്റ്റന്റ് സീനിയർ ഗ്രേഡ്, FC 4 സെക്ഷൻ) എന്നിവരെ EN 18 സെക്ഷനിൽ സ്ഥിരപ്പെടുത്തുന്നു.
- പരാമർശം (4) പ്രകാരം EN 15 സെക്ഷനിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരുന്ന ലസിജ കെ., (കമ്പ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ്, FC 4 സെക്ഷൻ) നെ EN 15 സെക്ഷനിൽ സ്ഥിരപ്പെടുത്തുന്നു.

ശ്രീമതി മിനി ഡി., ഓഫീസ് സൂപ്രണ്ട് ഹയർ ഗ്രേഡ് (PEN : 2481), FC 2 സെക്ഷൻ 31.01.2025 അപരാഹ്നം പ്രാബല്യത്തിൽ സർവീസിൽ നിന്നും വിരമിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ഫെയർകോപ്പി വിഭാഗത്തിൽ താഴെപ്പറയുന്ന സ്ഥാനക്കയറ്റങ്ങൾ നടപ്പിലാക്കിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

| ക്രമ നം. | പേരും, നിലവിലെ തസ്തികയും | സ്ഥാനക്കയറ്റം നൽകുന്ന തസ്തികയും പ്രാബല്യ തീയതിയും | ശമ്പള സ്കെയിൽ | ഉൾക്കൊള്ളിക്കുന്ന തസ്തിക ഒഴിവ് |
|---|---|---|---|---|
| 1 | ശ്രീമതി വിനീത എം., (PEN : 3337) ഓഫീസ് സൂപ്രണ്ട് | ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്), 01.02.2025 പൂർവ്വാഹ്നം | 56,500 - 1,18,100 | ശ്രീമതി മിനി ഡി., ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്) 31.01.2025 അപരാഹ്നം പ്രാബല്യത്തിൽ വിരമിക്കുന്നതിനെ തുടർന്നുള്ള തസ്തിക ഒഴിവ് |

| | | | | |
|---|---|---|---|---|
| 2 | ശ്രീമതി ലസിജ കെ. (PEN : 3566) കമ്പ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് | ഓഫീസ് സൂപ്രണ്ട് 01.02.2025 പൂർവ്വാഹ്നം | 51,400 - 1,10,300 | ശ്രീമതി വിനീത എം., ഓഫീസ് സൂപ്രണ്ട് -ന് ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ്. |
| 3 | ശ്രീമതി സുലൈഖ കെ. (PEN : 3758) കമ്പ്യൂട്ടർ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് | കമ്പ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് 01.02.2025 പൂർവ്വാഹ്നം | 45,600 - 95,600 | ശ്രീമതി ലസിജ കെ., കമ്പ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് -ന് ഓഫീസ് സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ് |

ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യം ലഭിക്കുകയുള്ളൂ.

സ്ഥലംമാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശമുള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും രജിസ്റ്ററുകളുടെയും പാസ് വേർഡുകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതും ആയത് മേലുദ്യോഗസ്ഥൻ പരാമർശം (5) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതുമാണ്. CTC -യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

പരാമർശം (6) ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേക്ക് 01.04.2010 നോ അതിനുശേഷമോ സ്ഥാനക്കയറ്റം/സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിക്കുള്ളിൽ ആറ് മാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ഓഫീസ് സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറ് മാസം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിന് വേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിനോയ് എ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.-മാർ
4. അസിസ്റ്റൻറ് രജിസ്ട്രാർമാർ/ഡെപ്യൂട്ടി രജിസ്ട്രാർമാർ/ജോയിൻറ് രജിസ്ട്രാർമാർ (ഭരണം/പരീക്ഷ/ധനകാര്യം)
5. എഡി.സി2/4/ 5/ഫിനാൻസ്1/2/എഫ്.സി.സി//ജനറൽ ക്യാഷ്
6. ഐ.ടി സെൽ/ഐ.ക്യൂ.എ.സി/സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്
7. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് കാര്യാലയം (മഹാത്മാഗാന്ധി സർവ്വകലാശാല)
8. പി.ആർ.ഒ/യൂണിവേഴ്സിറ്റി വെബ്സൈറ്റ്
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 3498/AD A4/4/2019/AD A 4 (PART-I) Approved by ASSISTANT REGISTRAR I (ADMIN) on 31-Jan-2025 04:35 PM - Page 2